# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6620

## 09-11-2016 ൽ മറുപടിക്ക്

## കിഫ്ബി നിയമഭേദഗതി

| ചോദ്യം<br>ശ്രീ. കെ. എം. മാണി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) കിഫ്ബി നിയമത്തിന്റെ 4-ാം വകുപ്പനുസരിച്ചുള്ള കിഫ്ബി ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | കിഫ്ബി ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള 11.11.1999 ലെ 2074 -ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം ലഭ്യമാക്കുന്നു. |
| (ബി) കിഫ്ബി ഭേദഗതി നിയമം അനുസരിച്ച് ബോർഡ് പുന:സംഘടിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | കിഫ്ബി ഭേദഗതി നിയമമനുസരിച്ച് ബോർഡ് പുന:സംഘടിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഇതോടൊപ്പം ലഭ്യമാക്കുന്നു. |
| (സി) ഭേദഗതി നിയമം അനുസരിച്ചുള്ള കേരള നിക്ഷേപനിധി പദ്ധതിയും നിധിയും രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ? | 2009 ലെ കിഫ് ആക്ടിന്റെ 3-ാം വകുപ്പനുസരിച്ച് നിക്ഷേപനിധി രൂപീകരിക്കുകയും ഇതിനാവശ്യമായ പദ്ധതി തയ്യാറാക്കി 11.11.1999 ലെ 2073 -ാം നമ്പർ അസാധാരണ ഗസറ്റായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. 2016 ലെ നിയമ ഭേദഗതിയുടെ അടിസ്ഥാനത്തിൽ ചില ഭേദഗതികൾ ഈ പദ്ധതിക്ക് ആവശ്യമായി വന്നിട്ടുണ്ട്. അതിന്റെ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്